ഉത്തരം

(എ) മൂന്നു ബസ്സുകൾ (ഏഴ് റൗണ്ട് ട്രിപ്പുകൾ)

(ബി) ബസ്സിന്റെയും ജീവനക്കാരുടെയും ലഭ്യതയനുസരിച്ച് കഴിവതും കൃത്യമായി സർവ്വീസ് നടത്തുന്നുണ്ട്.

(സി) ബസ്സുകളുടെയും ജീവനക്കാരുടെയും കുറവുമൂലം തൽക്കാലം നിർവാഹമില്ല. മാത്രവുമല്ല, ധാരാളം സ്വകാര്യ ബസ്സുകൾ ഈ റൂട്ടിൽ സർവ്വീസ് നടത്തുന്നുമുണ്ട്.

74 (1039) നിർത്തലാക്കിയ സർവ്വീസ് പുനരാരംഭിക്കാൻ നടപടി

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ-വണ്ടൂർ വഴി കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നിർത്തലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ നിർത്തലാക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഈ ബസ് സർവ്വീസ് നിർത്തലാക്കിയതുമൂലം ഈ പ്രദേശത്തെ ജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പെരിന്തൽമണ്ണ-വണ്ടൂർ-മെഡിക്കൽ കോളേജ് ബസ് സർവ്വീസ് പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വരുമാനം കുറവായതുകൊണ്ട്.

(സി) ഉണ്ട്.

(ഡി) വരുമാനം കുറഞ്ഞ സർവ്വീസായതുകൊണ്ടും ബസ്സിന്റെയും ജീവനക്കാരുടെയും അപര്യാപ്തതമൂലവും പുനരാരംഭിക്കാൻ തൽക്കാലം കഴിയുന്നില്ല.

75 (1040) തൃശ്ശൂർ ഡിപ്പോയിൽനിന്നും സർവ്വീസുകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. തൃശ്ശൂർ ഡിപ്പോയിൽനിന്ന് ഇപ്പോൾ ജില്ലയിൽ എത്ര സർവ്വീസ് നടത്തുന്നുണ്ട്;

(ബി) ചേർപ്പ് നിയോജകമണ്ഡലത്തിൽ എത്ര സർവ്വീസുണ്ട്; നിർത്തലാക്കിയ സർവ്വീസുകൾ ഏതൊക്കെ;

(സി) തൃശ്ശൂർ നിന്ന് അന്തിക്കാട് വഴി കുണ്ടോളിക്കടവിലേക്ക് ഉള്ള സർവ്വീസ്പുള്ള് സെന്ററ്വരെ നീട്ടുന്നതിന് നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly